നമ്പർ. സി.ബി(1)19811-2008

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 28.11.2008.

# സർക്കുലർ നം.73/2008

വിഷയം: സഹകരണ വകുപ്പ് - 'സഹകരണ നിക്ഷേപം കേരളീയം' ക്യാമ്പയിൻ - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശനിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 30.10.2008 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്കുകളുടെ യോഗതീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 16.10.2008 തീയതിയിലെ 68/2008 നമ്പർ സർക്കുലർ.
3. 28.11.2008 ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ നിക്ഷേപ സമാഹരണം സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനങ്ങൾ.

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശനിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സഹകരണ നവരത്നം കേരളീയം പദ്ധതിയുടെ ഭാഗമായി 2008 നവംബർ 1 മുതൽ 30 വരെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ സഹകരണ നിക്ഷേപം കേരളീയം എന്ന പേരിൽ നിക്ഷേപ സമാഹരണ യജ്ഞം സംഘടിപ്പിയ്ക്കുവാൻ തീരുമാനിക്കുകയും ഇതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശം സൂചന (2) പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സൂചന (3) പ്രകാരം കൂടിയ യോഗത്തിൽ സഹകരണ നിക്ഷേപം കേരളീയം 2008 ക്യാമ്പയിൻ കാലയളവ് 15.12.2008 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകേണ്ട പലിശനിരക്കുകൾ ആകർഷകമായ രീതിയിൽ പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സഹകരണ നിക്ഷേപം കേരളീയം 2008 ക്യാമ്പയിൻ കാലയളവിൽ (1.11.2008 - 15.12.2008) സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുനർനിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്ര.നം | നിക്ഷേപങ്ങളുടെ കാലാവധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/ അർബൻ സഹകരണ ബാങ്കുകൾ ഉൾപ്പെടെ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.25 | 5.00 | 5.25 | 5.25 | 6.00 |
| 2. | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.25 | 6.00 | 6.25 | 6.25 | 7.00 |
| 3. | 91 ദിവസം മുതൽ 179 ദിവസം വരെ | 6.00 | 6.25 | 7 മുതൽ 7.25 വരെ | 7മുതൽ 7.50 വരെ | 7.50 | 8.00 |
| 4. | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 | 8.25 | 8.50 | 8.75 | 9.00 | 9.50 |
| 5. | 1 വർഷം മുതൽ 2 വർഷത്തിനു താഴെവരെ | 8.75 | 9.25 | 10.25 | 10.50 | 10.50 | 11.00 |
| 6. | 2 വർഷം മുതൽ 3 വർഷത്തിനു താഴെവരെ | 8.75 | 8.75 | 10.00 | 10.00 | 10.25 | 10.50 |
| 7. | 3 വർഷം മുതൽ 5 വർഷത്തിനു താഴെവരെ | 9.00 | 9.00 | 9.50 | 9.50 | 9.75 | 10.00 |
| 8. | 5 വർഷവും അതിനു മുകളിലും | 9.25 | 9.25 | 9.25 | 9.25 | 9.75 | 10.00 |

ബാങ്കുകൾ പുതുക്കിയ പലിശ നിരക്കുകളെ സംബന്ധിച്ച് വ്യാപകമായ പ്രചരണം നൽകേണ്ടതാണ്. കൂടാതെ സഹകരണ നിക്ഷേപം കേരളീയത്തിൽ പുതുക്കിയ നിരക്കിലുള്ള പലിശയിൽ അധികരിക്കാതെ പലിശയും കൂട്ടുപലിശയും കണക്കാക്കി 400,500,600, എന്നീ കാലയളവ് വച്ച് ആവശ്യമെങ്കിൽ പ്രത്യേകനിക്ഷേപ പദ്ധതികൾ മുഖേന നിക്ഷേപം സ്വീകരിക്കുന്നതിന് സംഘങ്ങളെ അനുവദിക്കുന്നു.

ഇതിനുപുറമേ മുതിർന്ന പൗരൻമാരുടെ 15 മുതൽ 364 ദിവസം വരെയുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് 1 ശതമാനവും, 1 മുതൽ 5 വർഷവും അതിനു മുകളിലുള്ള നിക്ഷേപങ്ങൾക്ക് അര ശതമാനവും അധിക പലിശനിരക്ക് നൽകാവുന്നതാണ്.

എന്നാൽ ക്രമ നമ്പർ 7,8 സ്ളാബുകളിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ സർവ്വീസ് സഹകരണ ബാങ്കുകൾ/ അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് അതാത് സംഘങ്ങൾ/ബാങ്കുകളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമാണെങ്കിൽ 11 വരെ പരമാവധി പലിശ നിരക്ക് നിശ്ചയിക്കാവുന്നതാണ്. എന്നാൽ മുതിർന്ന പൗരൻമാരുടെ ഇത്തരം നിക്ഷേപങ്ങൾക്കും അധിക പലിശ നൽകുന്നതുപ്പെടെ 11.5 ശതമാനത്തിൽ അധികരിച്ച് പലിശ നൽകാൻ പാടുള്ളതല്ല.

കൂടാതെ പ്രാഥമിക സംഘങ്ങൾക്ക് മാത്രമായി സഹകരണ നിക്ഷേപം കേരളീയം ക്യാമ്പയിൻ കാലയളവിൽ 1000 പൂർണ്ണ ദിവസ കാലയളവിൽ സ്വീകരിയ്ക്കുന്ന നിക്ഷേപങ്ങൾക്ക് 11% പലിശ നിരക്ക് നൽകുന്ന പ്രത്യേക നിക്ഷേപ പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകുന്നു. മുതിർന്ന പൗരൻമാരുടെ ഇത്തരം നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകുന്നതുൾപ്പെടെ 11.5% ൽ അധികരിച്ച് പലിശ നൽകാൻ പാടുള്ളതല്ല.

ഒപ്പ്,

**റാണിജോർജ്ജ് ഐ.എ.എസ്**
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ് :

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും.
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ ജില്ലാ സഹകരണ ബാങ്കുകൾ.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ആഡിറ്റ്) (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ.
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
12. എഡിറ്റർ, സഹകരണ വീഥി.
13. സ്റ്റോക്ക് ഫയൽ.14. സ്പെയർ.

ആജ്ഞാനുസരണം,

**അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി സെക്ഷൻ)**